(ബി) കേരളത്തിലെ ഏതു പ്രദേശവും ടൂറിസം പ്രാധാന്യമുള്ളതാണെന്ന തിരിച്ചറിവോടുകൂടി ചെറുതും വലുതുമായ എല്ലാ കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങുക, പുതിയ കേന്ദ്രങ്ങൾ വികസിപ്പിക്കുക എന്നിവയാണ് പരിസ്ഥിതി ഒരുക്കലിന്റെ ഭാഗമായി ചെയ്തുവരുന്നത്.

(സി) സ്വകാര്യമേഖലയിലുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിന്റെ ഭാഗമായി മുതൽമുടക്കിന് സബ്സിഡി, ഇലക്ട്രിസിറ്റി താരിഫ് സബ്സിഡി, വിപണന പ്രക്രിയയിൽ സഹായിക്കൽ എന്നിവയാണ് വകുപ്പ് നൽകിവരുന്നത്.

ടൂറിസം വകുപ്പിൽ സ്പെഷ്യൽ റൂൾസ് പ്രകാരം റേഷ്യോ പ്രൊമോഷൻ നിശ്ചയിച്ചതിലെ അപാകത

12 [3466] *ഡോ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയത് എന്നു മുതലാണെന്ന് വെളിപ്പെടുത്താമോ;

(ബി) സ്പെഷ്യൽ റൂൾസ് പ്രകാരം മാനേജർ ഗ്രേഡ് 3, ഇൻഫർമേഷൻ അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ തസ്തികകളിലേക്ക് റേഷ്യോ പ്രൊമോഷൻ നിശ്ചയിച്ചതിൽ അനോമലി ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പരാതികളിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 29-9-1995 മുതൽ.

(ബി) മാനേജർ ഗ്രേഡ് 3, ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളെ സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ട്.

(സി) ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് ചട്ടങ്ങൾക്കനുസൃതമായി പരാതി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചേരമാൻ ജുമാ മസ്ജിദിൽ കേന്ദ്രസഹായത്തോടെയുള്ള പദ്ധതികൾ

13 [3467] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേരമാൻ പള്ളി ടൂറിസം മാപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly